# <u>സർക്കുലർ</u>

## <u>കേരള സർവകലാശാല ഡിപ്പാർട്ട്മെൻറ്സ് യൂണിയൻ 2025-26 തെരഞ്ഞെടുപ്പ്</u>

## <u>നാമനിർദ്ദേശ പത്രിക സൂക്ഷ്മ പരിശോധനയിൽ പങ്കെടുക്കുന്നവർക്കുള്ള അറിയിപ്പ്</u>

കേരള സർവകലാശാല ഡിപ്പാർട്ട്മെൻറ്സ് യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 31.10.2025-ൽ സെനറ്റ് ഹാളിൽ വച്ചു നടക്കുന്ന നാമനിർദ്ദേശ പത്രിക സൂക്ഷ്മ പരിശോധനയിൽ പങ്കെടുക്കുന്നവർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള സർവകലാശാല ഡിപ്പാർട്ട്മെൻറ്സ് യൂണിയൻ തെരഞ്ഞെടുപ്പിലേക്ക് സർവകലാശാല 27.10.2025-ന് പ്രസിദ്ധീകരിച്ചിട്ടുള്ള വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മത്സരാർത്ഥിക്കോ അല്ലെങ്കിൽ മത്സരാർത്ഥി നിർദ്ദേശിക്കുന്ന, പ്രസ്തുത വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഏജന്റിനോ മാത്രമേ സൂക്ഷ്മ പരിശോധന ഹാളിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളു.

മത്സരാർത്ഥിയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന ഏജന്റിന് പ്രവേശന പാസ് നിർബന്ധമാണ്. **പ്രവേശന പാസ് അനുവദിച്ച് കിട്ടുന്നതിനുള്ള മത്സരാർഥിയുടെ അപേക്ഷ 31.10.2025-ന് രാവിലെ 11.00 മണിക്ക് മുമ്പ് നേരിട്ടോ ഇ-മെയിൽ (election@keralauniversity.ac.in) മുഖേനയോ സർവകലാശാല ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്**. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് 31.10.2025-ന് ഉച്ചക്ക് 02.00 മണി മുതൽ സൂക്ഷ്മ പരിശോധന വേദിയുടെ പ്രവേശന കവാടത്തിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

2. 03.05-ന് ആരംഭിക്കുന്ന കേരള സർവകലാശാല ഡിപ്പാർട്ട്മെൻറ്സ് യൂണിയൻ തെരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രിക സൂക്ഷ്മ പരിശോധനയിൽ പങ്കെടുക്കുന്നതിന് സെനറ്റ് ഹാളിൽ പ്രവേശിക്കുന്നതിനായി മത്സരാർത്ഥികൾ/ഏജൻറ്, ഡിപ്പാർട്ട്മെൻറ് ഐഡന്റിറ്റി കാർഡ് ഹാജരാക്കുകയും, അതോടൊപ്പം സുരക്ഷാ ജീവനക്കാർ നൽകുന്ന സാക്ഷ്യ പത്രം പൂരിപ്പിച്ച് നൽകേണ്ടതുമാണ്.

3. സൂക്ഷ്മ പരിശോധന വേളയിൽ നാമനിർദ്ദേശ പത്രികയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപം ഉന്നയിക്കുന്ന പക്ഷം, പ്രസ്തുത വ്യക്തി റിട്ടേർണിംഗ് ഓഫീസറെ സമീപിക്കേണ്ടതാണ്. വ്യക്തികൾ കൂട്ടമായി വരുന്നതോ അനാവശ്യ തർക്കങ്ങളും ഇടപെടലുകളും സൃഷ്ടിക്കുന്നതോ സൂക്ഷ്മ പരിശോധന നിർത്തി വയ്ക്കുന്നതിലേക്കും നിയമ നടപടി സ്വീകരിക്കുന്നതിലേക്കും നയിക്കുന്നതാണ്.
4. സൂക്ഷ്മ പരിശോധന നടക്കുന്ന സെനറ്റ് ഹാളിലേക്കുള്ള പ്രവേശനവും സൂക്ഷ്മപരിശോധന അവസാനിക്കുന്നത് വരെയുള്ള നടപടി ക്രമങ്ങളും ക്യാമറ നിരീക്ഷണത്തിലായിരിക്കും.
5. പോലീസിന്റെയും സെക്യൂരിറ്റി ജീവനക്കാരുടെയും നിർദ്ദേശങ്ങൾ മത്സരാർത്ഥികൾ /ഏജന്റുമാർ കർശനമായി പാലിക്കേണ്ടതാണ്.

Sd/-

**28.10.2025** **Registrar (i/c)/Returning Officer**